പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.902 — 25.01.2018-ൽ മറുപടിയ്ക്ക്

## വനം വകുപ്പ് നേരിട്ട് ഓൺലൈൻ തടി ലേലം നടത്താനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) വനം വകുപ്പ് ഡിപ്പോകളിലെ മരം ലേലം ഓൺ ലൈൻ വഴി ആക്കിയതിന്റെ ഗുണദോഷങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) പരിശോധിച്ചിട്ടുണ്ട്. ഇ-ലേലത്തിന്റെ പ്രധാനപ്പെട്ട സവിശേഷത അതിന്റെ സുതാര്യതയാണ്. ലേലത്തിൽ മാനുഷികമായ ഇടപെടൽ സാധ്യമല്ല. അതോടൊപ്പം ലേലത്തിലെ അഴിമതി സംബന്ധിച്ച പരാതികൾ ഒട്ടുമിക്കവാറും ഒഴിവായിട്ടുണ്ട്. തുറന്ന ഓക്ഷൻ ജാലകത്തിൽ ലോട്ട് നമ്പർ, ഇനം, അളവ്, തുടക്കവില, ലേലം അവസാനിക്കുന്ന സമയം എന്നിവ ദൃശ്യമാണ്. ഇ-ലേലത്തിൽ മുൻകാല ലേലത്തിലെപ്പോലെ ബാഹ്യശക്തികളുടെ സമ്മർദ്ദം ഉദ്യോഗസ്ഥർക്ക് നേരിടേണ്ടി വരുന്നില്ല. കൂടാതെ കച്ചവടക്കാരുടെ സിൻഡിക്കേറ്റ് രൂപീകരണത്തിന് വഴി അടച്ചു എന്നും ബോധ്യമായിട്ടുണ്ട്. ഗാർഹികാവശ്യത്തിനായി ഒറ്റത്തവണ ലേലത്തിൽ പങ്കെടുക്കുന്ന ഉപഭോക്താക്കൾക്ക് പരിചയസമ്പന്നരായ വൻകിട കച്ചവടക്കാരോട് മത്സരിച്ച് നേർക്കുനേർ നിന്ന് ലേലം വിളിക്കേണ്ട സാഹചര്യം ഒഴിവായത്, ഇത്തരം ഉപഭോക്താക്കളെ ഇ-ലേലത്തിലേയ്ക്ക് കൂടുതലായി ആകർഷിച്ചിട്ടുണ്ട്. സാമ്പ്രദായിക ലേലത്തിൽ ലേലസ്ഥിരീകരണത്തിനുള്ള കാലതാമസം നേരിടുന്നതിനാൽ ഭാഗികവിലയായി അടയ്ക്കുന്ന തുക മുൻകൂർ അടയ്ക്കേണ്ടി വന്നിരുന്നത് ഇ- |

ലേലത്തിൽ ലേല സ്ഥിരീകരണം ലഭിച്ചതിനുശേഷം അടച്ചാൽ മതി. തന്മൂലം ചെറുകിട കച്ചവടക്കാർക്കും, പൊതുജനങ്ങൾക്കും മുൻകൂറായി വൻതുക കണ്ടെത്തേണ്ടി വരുന്നില്ല. ലേല സ്ഥിരീകരണം, ഇ-മെയിൽ വഴി ലേലക്കാരന് കാലതാമസം കൂടാതെ ലഭ്യമാക്കുന്നു. കൂടാതെ ഇ-ലേലത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരാൾക്കും എവിടെ നിന്നും ഇ-ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലസ്ഥിരീ-കരണം ലോട്ടിന്റെ വിവരങ്ങൾ എന്നിവ ഇ-മെയിലിൽ ലഭിക്കുന്നതിനാൽ ഓഫീസുകൾ കയറിയിറങ്ങാതെ പൊതുജനങ്ങൾക്ക് ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു. ഇ-ലേലത്തിൽ പങ്കാളിത്തം വർദ്ധിപ്പി-ക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും, ലേലത്തിൽ പങ്കെടുക്ക-ന്നതിന് രജിസ്റ്റർ ചെയ്യുന്നതിനുള്ള സഹായവും നടപ്പിലാക്കിയിട്ടുള്ളതിനാൽ ജനങ്ങൾക്ക് തടസ്സമേതുമില്ലാതെ ഇ-ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. സാമ്പ്രദായിക ലേല-ത്തിൽ നിന്നും ഇ-ലേലത്തിലേക്ക് മാറിയപ്പോൾ എല്ലാ ലേലത്തിലും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും പങ്കെടുക്കാ-മെന്നതിനാൽ ആരോഗ്യകരമായ മത്സരം ഉണ്ടാകുകയും വില വർദ്ധിക്കുകയും ചെയ്തിട്ടുള്ളതാണ്.

| | |
|---|---|
| (ബി) എന്നു മുതലാണ് ഓൺലൈൻ ലേല നടപടികൾ ആരംഭിച്ചി-ട്ടുള്ളത്; ഓൺലൈൻ ലേലം ആരംഭിക്കുന്നതിന് രണ്ടു വർഷം മുമ്പും ഓൺലൈൻ വ്യാപാരം ഏർപ്പെടുത്തിയതിനു ശേഷവും വരുമാനത്തിൽ വന്ന മാറ്റം വിശദമാക്കുമോ; | (ബി) 2014 നവംബർ മുതലാണ് വനം വകുപ്പിൽ ഇ-ലേലം ആരംഭിച്ചിട്ടുള്ളത്. സാമ്പ്രദാ-യിക ലേലത്തിൽ നിന്നും ഇ-ലേലത്തിലേക്ക് മാറിയപ്പോൾ വരുമാന-ത്തിന്റെ വർദ്ധനവ് സംബന്ധിച്ചുള്ള പ്രാഥമിക വിശകലനത്തിൽ തേക്ക് തടികൾക്ക് 17.5% വർദ്ധനവും, ചന്ദനതടികൾക്ക് 30% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |

| | |
|---|---|
| (സി) ഓൺലൈൻ ലേലം നടത്തുന്നത് വനം വകുപ്പ് നേരിട്ടാണോ; അതോ ഏതെങ്കിലും സ്വകാര്യ ഏജൻസി മുഖേനയാണോ; ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത്, ഇത് സർക്കാർ ഏജൻസിയാണോ; ഇവർക്ക് എത്ര ശതമാനം തുകയാണ് കമ്മീഷൻ ഇനത്തിൽ നൽകേണ്ടി വരുന്നത്; ഓൺലൈൻ ആക്കിയതിനു ശേഷം എത്ര തുക ഏജൻസിക്ക് കൈമാറിയിട്ടുണ്ട്; | (സി) വനം വകുപ്പിന് വേണ്ടി ഇ-ലേലം നടത്തുന്നത് മെസ്സേഴ്സ് എം.എസ്.റ്റി.സി ലിമിറ്റഡ് (മെറ്റൽ ആന്റ് സ്ക്രാപ് ട്രേഡിംഗ് കോർപ്പറേഷൻ ലിമിറ്റഡ്) എന്ന കേന്ദ്ര ഉരുക്കുമന്ത്രാലയത്തിനു കീഴിലുള്ള പൊതു മേഖലാ സ്ഥാപനമാണ്. ലേലത്തുകയുടെ 0.8% ആണ് കമ്മീഷൻ ഇനത്തിൽ നൽകുന്നത്. ഓൺലൈൻ ആക്കിയതിനുശേഷം നാളിതുവരെ 4.99 കോടി രൂപയാണ് മെസ്സേഴ്സ് എം.എസ്.റ്റി.സിക്ക് കമ്മീഷൻ ഇനത്തിൽ നൽകിയത്. |
| (ഡി) വനം വകുപ്പ് നേരിട്ട് ഇ-ലേലം നടത്തിയിരുന്നാൽ വകുപ്പിന് ലഭിക്കുമായിരുന്ന തുക സ്വകാര്യ ഏജൻസികൾക്ക് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഇക്കാര്യത്തിൽ പ്രവർത്തന പരിചയമുള്ളതും കേന്ദ്രസർക്കാരിനു കീഴിൽ പ്രവർത്തിക്കുന്നതുമായ MSTC Ltd. എന്ന സ്ഥാപനം കേന്ദ്ര ഉരുക്കുമന്ത്രാലയത്തിനു കീഴിൽ പൊതുമേഖലയിൽത്തന്നെ പ്രവർത്തിക്കുന്നതും, സംസ്ഥാന സർക്കാരിനുവേണ്ടി ലേലങ്ങൾ നടത്തുന്നതുമായ സ്ഥാപനമാണ്. സ്വകാര്യ ഏജൻസി അല്ല. |
| (ഇ) ഉണ്ടെങ്കിൽ ഏജൻസികളെ ഒഴിവാക്കി വനം വകുപ്പ് നേരിട്ട് ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**